ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/SPC(2)/95/2011-12** **Dated: 24.01.2012**

## <u>സർക്കുലർ</u>

വിഷയം: മാതൃകാപേപ്പർ അപ്‌ലോഡിംഗ് – റിസോഴ്സ് അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ വച്ച് തയ്യാറാക്കിയിട്ടുള്ള അതത് വിഷയങ്ങളിലെ മാതൃകാ ചോദ്യങ്ങൾ ഹയർസെക്കണ്ടറി വകുപ്പിന്റെ ഔദ്യോഗിക പോർട്ടലിലേക്ക് 2012 ഫെബ്രുവരി 3–ാം തീയതി 5 മണിക്കകം ബന്ധപ്പെട്ട റിസോഴ്സ് അധ്യാപകർ അയക്കേണ്ടതാണ്.

2012 – ഫെബ്രുവരി **9** മുതൽ 18 വരെ നടത്തുന്ന വർഷാന്ത്യ മാതൃകാ പരീക്ഷയ്ക്ക് ചോദ്യപേപ്പർ സ്ക്കൂൾതലത്തിൽ തയ്യാറാക്കേണ്ടതുള്ളതിനാൽ, ബന്ധപ്പെട്ട റിസോഴ്സ് അധ്യാപകർ കൃത്യസമയത്തു തന്നെ ചോദ്യങ്ങളുടെ അപ്‌ലോഡിംഗ് പൂർത്തീകരിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് **ഡയറക്ടർ**
**(അക്കാഡമിക്)**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/SPC(2)/95/2011-12** **Dated: 24.01.2012**

<u>വിജ്ഞാപനം</u>

വിഷയം : 2011–2012 ലെ ഹയർസെക്കണ്ടറി വർഷാന്ത്യ മാതൃകാപരീക്ഷ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

2011–2012 ലെ ഒന്നും രണ്ടും വർഷ ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ വർഷാന്ത്യ മാതൃകാപരീക്ഷ 2012 ഫെബ്രുവരി 9 മുതൽ 18 വരെ അതത് സ്ക്കൂളുകളിൽ വച്ച് നടത്തുന്നതാണ്.

ഫെബ്രുവരി 10, 17 വെള്ളിയാഴ്ചകളിലും, 11 രണ്ടാം ശനിയാഴ്ചയിലും പരീക്ഷയുണ്ടായിരിക്കുന്നതല്ല.

പരീക്ഷയുടെ നടത്തിപ്പിന്റെ ചുമതല അതത് സ്ക്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും.

ഹയർസെക്കണ്ടറി വകുപ്പിന്റെ ഔദ്യോഗിക പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ചോദ്യശേഖരത്തിൽ നിന്നും എല്ലായൂണിറ്റുകളും ഉൾപ്പെടുത്തിയാണ് ഓരോ വിഷയത്തിനും ചോദ്യപേപ്പർ തയ്യാറാക്കേണ്ടത്.

2012–ലെ പൊതുപരീക്ഷയുടെ മാതൃകയിലായിരിക്കണം പരീക്ഷാ ടൈംടേബിൾ പ്രിൻസിപ്പൽമാർ തയ്യാറാക്കേണ്ടത്.

+1, +2 ക്ലാസ്സുകളിലെ പരീക്ഷകൾ യഥാക്രമം രാവിലേയും ഉച്ചകഴിഞ്ഞുമാണ് നടത്തുന്നത്.

ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന്റെ ചുമതല പ്രിൻസിപ്പാളിനും അതത് വിഷയങ്ങളിലെ അധ്യാപകർക്കുമായിരിക്കും.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹ അധ്യാപകരുടേയും, ലാബ് അസിസ്റ്റന്റമാരുടെയും സേവനം പ്രിൻസിപ്പൽമാർക്ക് ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**